# KRISTU JYOTI VIDYA NIKETAN

CHETHIPUZHA, CHANGANASSERY – 686 104

**Second Term Examination : 2022 – 23**

Class : VII | MALAYALAM | Time : 2h
Max. Marks : 80

***This paper comprises of two Sections; Section A and Section B.***
***Attempt all the questions from Section A&B***

## *Section A*

### Question 1:

**കൊടുത്തിരിക്കുന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഒന്നര പേജിൽ കവിയാതെ വിവരിക്കുക** **(10)**

1. **വനങ്ങൾ നാടിന്റെ സമ്പത്ത് എന്ന വിഷയത്തെപ്പറ്റി നിങ്ങളുടെ ചിന്തകൾ പങ്കുവയ്ക്കുക.**

### Question 2 :

**കത്ത് തയ്യാറാക്കുക** **(10)**

**1. നിങ്ങൾ വായിച്ച ഒരു പുസ്തകത്തെക്കുറിച്ച് സുഹൃത്തിനു കത്ത് തയാറാക്കുക**

### Question 3 :

**അവധാരണം ചെയ്യുക** **(2×5=10)**

ഏറ്റവും ശ്രദ്ധേയമായ മറ്റൊരു സാഹിത്യശാഖയാണ് വൈജ്ഞാനികസാഹിത്യം. പ്രപഞ്ചത്തിലെ സമസ്ത വിജ്ഞാനശാഖകളെയും ലക്ഷ്യമാക്കി എഴുതപ്പെട്ടതാണവ. നിമിഷം പ്രതി വൈജ്ഞാനിക മണ്ഡലത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. അതെല്ലാം സൂക്ഷ്മതയോടെ നിരീക്ഷിച്ച് വിലയിരുത്തി വിശകലനം ചെയ്യുന്ന ഒരു ധൈഷണികപ്രവൃത്തിയാണ് ഈ ശാഖയിൽ നടക്കുന്നത്. സാഹിത്യചരിത്രം, ഭാഷാശാസ്ത്രം, വ്യാകരണം, വൃത്തം, അലങ്കാരശാസ്ത്രം, കല, നിഘണ്ടുവിജ്ഞാനകോശം, ചരിത്രം, സംസ്കാരം, പഴഞ്ചൊല്ലുകൾ, ഐതിഹ്യങ്ങൾ, വിദ്യാഭ്യാസം, ശാസ്ത്രം, ചലച്ചിത്രം, മനഃശാസ്ത്രം, മതം, തത്ത്വചിന്ത, രാഷ്ട്രവിജ്ഞാനം, സാമൂഹികശാസ്ത്രം, നിയമം, താരതമ്യസാഹിത്യപഠനം, സംസ്കാരപഠനം, ഭക്തിസാഹിത്യം, ദലിത് സാഹിത്യം, സ്ത്രീവാദസാഹിത്യം, വിവർത്തനം ഇങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഒരു സാഹിത്യശാഖയാണ് വൈജ്ഞാനിക സാഹിത്യം.

മലയാളത്തിലും ഈ സാഹിത്യശാഖ സജീവമാണ്. വൈജ്ഞാനികപ്രപഞ്ചത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി പുതിയ സാഹിത്യരചനകൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. അവയ്ക്കെല്ലാം മറ്റുഭാഷകളിലേതുപോലെ മലയാളത്തിലും വായനക്കാരും

പഠിതാക്കളുമുണ്ട്. സാഹിത്യചരിത്രങ്ങൾ പലപ്രമുഖപണ്ഡിതന്മാരും എഴുതിയിട്ടുണ്ട്. ആദ്യ മലയാള സാഹിത്യ ചരിത്രഗ്രന്ഥം പി. ഗോവിന്ദപ്പിള്ളയുടെ (സർവ്വാധികാര്യക്കാർ) 'മലയാളഭാഷാചരിത്ര' (1881) മാണ്. ആർ. നാരായണപ്പണിക്കർ, പി.കെ. പരമേശ്വരൻ നായർ, ടി.എം. ചുമ്മാർ, എൻ.കൃഷ്ണപിള്ള തുടങ്ങിയവർ ആദ്യകാല സാഹിത്യചരിത്രകാരന്മാരാണ്. ഡോ. കെ. എം. ജോർജ്ജ്, പ്രൊഫ. കെ.എം. തരകൻ, ഡോ. എം. ലീലാവതി, ജി. ശങ്കരപ്പിള്ള, ആറ്റൂർ, ഡോ. പിവി. വേലായുധൻ പിള്ള തുടങ്ങി എണ്ണമറ്റ പണ്ഡിതന്മാർ ഈ രംഗത്ത് വലിയ സംഭാവനകൾ നൽകിയവരാണ്. ഭാഷകളുടെ ഉത്ഭവം ഭാഷാഗോത്രങ്ങൾ, ശബ്ദവിചാരം, ഉച്ചാരണം, ശബ്ദശാസ്ത്രം, രൂപനിഷ്പത്തി, അർഥ നിവേദനം, ഭാഷകളുടെ പരസ്പരബന്ധം തുടങ്ങിയ വിഷയങ്ങൾ ശാസ്ത്രീയമായി പഠിച്ച് അവതരിപ്പിക്കുന്ന രചനകൾ ധാരാളമുണ്ടായിട്ടുണ്ട്.

ഭാഷാശാസ്ത്രമെന്ന ഈ വിഭാഗത്തിൽ മലയാളഭാഷയിൽ ഗ്രന്ഥങ്ങൾ കുറവാണ്. എടമരത്തു സെബാസ്റ്റ്യൻ രചിച്ച 'ഭാഷാശാസ്ത്ര'(1922) മാണ് ഈ വിഭാഗത്തിലെ ആദ്യകൃതി. ഫാ. ക്ലെമസ് പിയാനിയസ് 'ആൽഫബേത്തം ഗ്രന്ഥാനിക്കോ മലബാറിക്കം' (1772) എന്ന ഗ്രന്ഥം ലത്തീൻഭാഷയിൽ പ്രസിദ്ധീകരിച്ചു. അതിന്റെ മലയാളപരിഭാഷ ഫാ. എമ്മാനുവേൽ ആട്ടേൽ 'പ്രാചീന മലയാളലിപി മാല: പാഠവും പഠനവും' എന്ന പേരിൽ നിർവ്വഹിച്ചിട്ടുണ്ട്. ഇളംകുളം കുഞ്ഞൻപിള്ള, ഐ.സി. ചാക്കോ, ഡോ. കെ. കുഞ്ഞുണ്ണിരാജ തുടങ്ങിയ പ്രഗത്ഭർ ഭാഷാ ശാസ്ത്രത്തിൽ പണ്ഡിതോചിതമായ ഗ്രന്ഥങ്ങൾ രചിച്ചു. വ്യാകരണം, വൃത്തം, അലങ്കാര ശാസ്ത്രം എന്നീ വിഷയങ്ങളിൽ നമുക്ക് വഴിയൊരുക്കിയത് വിദേശീയരാണ്. മലയാളത്തെ സംബന്ധിക്കുന്ന ആദ്യ ശാസ്ത്രഗ്രന്ഥം 'ലീലാതിലക'മാണല്ലോ. എന്നാൽ അതിനു നൂറ്റാണ്ടുകൾക്കുശേഷമാണ് ഭാഷാ ശാസ്ത്ര ഗ്രന്ഥങ്ങളുണ്ടാകുന്നത്. ആഞ്ചലോസ് ഫ്രാൻസിസ്, കാൾഡ്വൽ, ഹെർമ്മൻ ഗുണ്ടർട്ട്, അർണോസ് പാതിരി, ക്ലമന്റ് പാതിരി എന്നിവരുടെ സംഭാവനകൾ വളരെ വലുതാണ്. റവ. ജോർജ്ജ് മാത്തൻ, വൈക്കത്ത് പാച്ചുമൂത്തത്, കോവുണ്ണി നെടുങ്ങാടി, എ.ആർ. രാജരാജവർമ്മ, എ. ശേഷഗരിപ്രഭു, പി.കെ. നാരായണപിള്ള, ഐ.സി. ചാക്കോ, കുട്ടികൃഷ്ണമാരാർ തുടങ്ങിയ ഭാഷാ ശാസ്ത്രപണ്ഡിതന്മാൺ ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിച്ചവർ. എ.ആർ. രാജരാജവർമ്മ മലയാളവ്യാകരണത്തിന്റെ അടിത്തറ ഉറപ്പിച്ചു. നിഘണ്ടു-വിജ്ഞാനകോശനിർമ്മാണത്തിലും മലയാളം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. മലയാളത്തിലെ ആദ്യനിഘണ്ടു-വിജ്ഞാനകോശനിർമ്മാണത്തിലും മലയാളം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. മലയാളത്തിലെ ആദ്യനിഘണ്ടുവായി അംഗീകരിക്കപ്പെട്ടിരിക്കുന്നത് 1846-ൽ പ്രസിദ്ധീകരിച്ച റവ. ബെഞ്ചമിൻ ബെയ്ലിയുടെ 'എ ഡിക്ഷണറി ഓഫ് ഹൈ ആന്റ് കൊളോക്യൽ മലയാളം' ആണ്. ഇതിൽ മലയാള പദങ്ങളുടെ അർത്ഥം ഇംഗ്ലീഷിലാണ് നൽകിയത്. ആദ്യത്തെ മലയാളം-മലയാളം നിഘണ്ടു റിച്ചാർഡ് കോളിൻസിന്റെ 'മലയാളനിഘണ്ടു' (1856)വാണ്. ഗുണ്ടർട്ട്, ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, ആനന്ദരാമശാസ്ത്രി, മണ്ണൂർ പത്മനാഭപിള്ള, ടി രാമലിംഗം പിള്ള തുടങ്ങിയവരും ചില സ്ഥാപനങ്ങളും നിഘണ്ടുനിർമ്മാണരംഗത്തെ പ്രമുഖരാണ്.

പ്രപഞ്ചത്തിലെ സകലവിഷയങ്ങളെക്കുറിച്ചും പ്രത്യേക ക്രമമനുസരിച്ച്, സംഗ്രഹിച്ച് പ്രതിപാദിക്കുന്ന പ്രാമാണികഗ്രന്ഥമായ വിജ്ഞാനകോശങ്ങളുടെ നിർമ്മാണത്തിലും മലയാളഭാഷ വളരെ മുന്നിലാണ്. മലയാളത്തിലെ ആദ്യ വിജ്ഞാനകോശമായി അറിയപ്പെടുന്നത് ആർ. ഈശ്വരപിള്ള രചിച്ച സമസ്തവിജ്ഞാനഗ്രന്ഥാവലി (1936-37) ആണ്. മാത്യു എം. കുഴിവേലി, ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള,

വെട്ടം മാണി തുടങ്ങിയ പണ്ഡിതന്മാരും സാഹിത്യപ്രവർത്തകസഹകരണസംഘം, വിദ്യാർത്ഥിമിത്രം, പ്രഭാത് ബുക്ക് ഹൗസ്, ഡി.സി. ബുക്ക്സ് തുടങ്ങിയ പ്രസാധനശാലകളും കേരള സർക്കാരിന്റെ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും വിജ്ഞാനകോശ നിർമ്മാണരംഗത്ത് ആധികാരികമായി പ്രവർത്തിക്കുന്നുണ്ട്.

1. **എന്താണ് വൈജ്ഞാനിക സാഹിത്യം ?**
2. **മലയാളത്തിൽ വൈജ്ഞാനിക സാഹിത്യ ശാഖയുടെ പ്രതിപാദ്യം എന്ത് ?**
3. **മലയാലത്തിലെ വൈജ്ഞാനിക സാഹിത്യ കാരന്മാർ ഏവ ?**
4. വിജ്ഞാനകോശ നിർമ്മാണരംഗത്ത് ആധികാരികമായി പ്രവർത്തിക്കുന്ന പ്രസാധനശാലകൾ ഏവ ?
5. **ഈ ഖണ്ഡികക്ക് ഉചിതമായ തലക്കെട്ട് നൽകുക. കാരണം വ്യക്തമാക്കുക.**

## Question 4

**അർത്ഥം എഴുതുക** **(3)**

1. **നരൻ**
2. **വാനം**
3. **മുകിൽ**

## Question 5

**വിഗ്രഹിച്ച് സമാസം കണ്ടെത്തുക** **(2)**

1. **കാളിദാസകവി**
2. **കരചരണങ്ങൾ**

## Question 6

**വാക്യത്തിൽ പ്രയോഗിക്കുക** **(3)**

1. **വേഗത്തിൽ**
2. **ഒന്നിച്ച്**
3. **ധീരനായ**

## Question 7

**പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** **(2)**

1. **കണ്ടില്ല**
2. **പോയില്ല**

# *Section B*

## Question 8

**ചുവടെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ വായിച്ച ശേഷം ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

**A. പേര് സൂചിപ്പിക്കും പോലെ നോവലിലെ പ്രധാന കഥാപാത്രം ഉമ്മാച്ചു തന്നെ .**

1. **ഉമ്മാച്ചു എന്ന നോവലിൽ ഉമ്മാച്ചു എന്ന കഥാപാത്രത്തിന്റെ സ്ഥാനം എന്ത് ?**
2. **മായൻ ആത്മഹത്യ ചെയ്യാൻ കാരണം എന്ത് ?**

**B. വളരെ നൂറ്റാണ്ടുകൾക്ക് മുൻപ് ചിത്രകാരൻ ഒരു പള്ളിയുടെ ചുമരുകളിൽ ചിത്രപ്പണി ചെയ്യുകയായിരുന്നു**

1. **ചിത്രകാരന് ശിശുരൂപത്തിന്റെ മാതൃക ലഭിച്ചത് എങ്ങനെ**
2. **ചിത്രകാരൻ വിഷമിക്കാൻ കാരണം എന്ത്**

## Question 9

**ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക** **(5)**

1. **കുഞ്ചൻ നമ്പ്യാർ**

## Question 10

**കുറിപ്പ് തയ്യാറാക്കുക** **(10)**

1. **പൂമുഖത്തേക്ക് വന്ന വി.ടി. യെ കണ്ടപ്പോൾ ലേഖകന് ഉണ്ടായ തോന്നലുകൾ ഏവ ?**
2. **കരിമുകിൽ പെൺകൊടി എത്താറുള്ളത് ഇപ്രകാരമായിരുന്നു ?**

## Question 11

**വ്യാഖ്യാനിക്കുക** **(5)**

**കൊളുത്തറ്റ് ഉരസിയുലഞ്ഞ് വീഴുന്ന ഒരു പൂത്താലിക്കൂട്ടം പോലെ കട്ടിലിലേക്ക് ചരിഞ്ഞു**

## Question 12

**വിവരിക്കുക** **(10)**

1. **തുള്ളൽ എന്ന കലാരൂപം**

**********************************

Prepared by:- Dr. Agna Isac